(എ) കണ്ണൂരിൽ സ്വന്തം അദ്ധ്യാപകന്റെ കൊലപാതകം നേരിൽകണ്ട് നടുങ്ങിപ്പോയ പിഞ്ചുകുട്ടികളുടെ മാനസികാവസ്ഥയെപ്പറ്റി ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ കുട്ടികളുടെ മനസ്സിന് സൗഖ്യം നൽകാൻ ഗവൺമെന്റ് നടപടികൾ കൈക്കൊള്ളുമോ;

(ഡി) ഇതിന്റെ ഭാഗമായി ഡോക്ടർമാരും കൗൺസിലർമാരും അദ്ധ്യാത്മിക നായകന്മാരും അടങ്ങുന്ന ഒരു ടീമിന്റെ സേവനം പ്രസ്തുത കുട്ടികൾക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രസ്തുത കുട്ടികളിൽ ചിലർ മാനസിക വിഭ്രാന്തി കാണിക്കുന്ന കാര്യം പ്രസ്തുത സ്കൂൾ അധികാരി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും അദ്ദേഹം കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസറെ (ആരോഗ്യം) വിവരം അറിയിക്കുകയും ചെയ്തു.

(സി)&(ഡി) തലശ്ശേരി ജനറൽ ആശുപത്രിയിൽനിന്നും സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സ്പെഷ്യലിസ്റ്റ് എന്നിവരടങ്ങുന്ന ഒരു ടിമിനെ പ്രസ്തുത സ്കൂളിലേക്ക് നിയോഗിച്ചു എന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

184 (1788) നാദാപുരം ഗവൺമെന്റ് ആശുപത്രി

ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഗവൺമെന്റ് ആശുപത്രിക്ക് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് കോഴിക്കോട് ഡി. എം.ഒ. ഡി1/10592/99 നമ്പർ ആയി 4.9.1999-ന് ഡി.എച്ച്.എസ്.-ന് അയച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും സ്ഥലം അക്വയർ ചെയ്യുന്നതിനും നടപടിക്രമം പൂർത്തിയാക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലം അക്വയർ ചെയ്യുന്നതിനാവശ്യമായ ഭരണപരമായ നടപടിക്രമം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

185 (1789) വളയം പ്രാഥമികാരോഗ്യ കേന്ദ്രം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly